**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4548** **19-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ പനത്തടി, ബാളാൽ ഗ്രാമപഞ്ചായത്തുകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ പനത്തടി, ബളാൽ ഗ്രാമ പഞ്ചായത്തുകളിൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനുവേണ്ടി റാണിപുരം - പാറക്കടവ്-9.5 കി.മീ., ചെർണ്ണൂർ-വെസ്റ്റ് ഉമ്പോടി-3 കി.മീ., ദൊഡ്ഡാമന - പാടിക്കൊച്ചി - 3 കി.മീ., വണ്ണാർക്കയം - വെസ്റ്റ് ഉമ്പോടി - 3 കി.മീ., വണ്ണാർക്കയം - കാര്യ ങ്ങാനം - 5 കി.മീ എന്നിങ്ങനെ സൗരോർജ്ജവേലി പ്രവർത്തിക്കുന്നുണ്ട്. കല്ലപ്പള്ളിയിൽ - 1.8 കി.മീ. കിടങ്ങ് നിർമ്മിച്ചിട്ടുണ്ട്. കുണ്ടുപ്പള്ളി - കാപ്പിത്തട്ട് - 3 കി.മീ., റാണിപുരം എൻ.എ. പ്ലാന്റേഷൻ - 2 കി.മീ., പാടിക്കൊച്ചി - രംഗത്തുമല - 6 കി.മീ., പരിയാരം ഖാദി - കൂവക്കാട് - 2 കി.മീ. എന്നിവിടങ്ങളിൽ പുതുതായി തൂക്ക് ഫെൻസ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ ഇതുവരെ വന്യജീവി ആക്രമണത്തിൽ കൃഷി നാശമുണ്ടായവരിൽ നിന്നും നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയെന്നും വ്യക്തമാക്കാമോ? | (ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ ഇതുവരെ 595 അപേക്ഷകൾ നഷ്ടപരിഹാരത്തിനായി ലഭ്യമായിട്ടുണ്ട്. 219 അപേക്ഷകൾക്ക് നഷ്ടപരിഹാരത്തുക<br><br>നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ